(എ) മിനിമം വേജസ് ഏതെല്ലാം വ്യവസായങ്ങളിലെ തൊഴിലാളികൾക്കാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പുതുതായി മിനിമം വേജസിന്റെ പട്ടികയിൽ ഏതെല്ലാം വ്യവസായ തൊഴിലാളികളെയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 41 വ്യവസായ മേഖലകളിൽ മിനിമം വേതനം നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വീട്ടുജോലി, തടിവെട്ടും അനുബന്ധജോലികളും, ആഭരണനിർമ്മാണം എന്നീ മേഖലകളെയാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്നത് അതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അസംഘടിത തൊഴിൽ വിഭാഗങ്ങൾക്ക് ക്ഷേമനിധി

42 [3486] *ശ്രീ എം. എ. ചന്ദ്രശേഖരൻ:*
„ എ. സുജനപാൽ:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത തൊഴിൽ വിഭാഗങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ തൊഴിൽ വിഭാഗങ്ങളിലെല്ലാംകൂടി എത്ര പേർ തൊഴിലെടുക്കുന്നുണ്ട്;

(സി) ഇവർക്കുവേണ്ടി ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ടോ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ ക്ഷേമനിധികൾ നിയമംമൂലം രൂപീകരിക്കപ്പെട്ടവയാണോ;

(ഇ) അല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് പൊതുവായ ഒരു നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പന കയറ്റക്കാർ, സ്വർണ്ണ പണിക്കാർ, പർപ്പടകം ഉണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ, ചക്കുകളിൽ എണ്ണ ആട്ടുന്നവർ, ഓട്, ചെമ്പ്, കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾ, ചെരുപ്പുകുത്തികൾ, റിക്ഷാ, സൈക്കിൾ റിക്ഷാ തൊഴിലാളികൾ, കാളവണ്ടിക്കാർ, പത്രം-കാലിചാക്ക് ശേഖരിക്കുന്നവർ. കേവുവള്ളം ഊന്നുകാർ, ആന കയറ്റ തൊഴിലാളികൾ, വാച്ച്, സൈക്കിൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നവർ, കരകൗശല തൊഴിലാളികൾ, ആക്രിതൊഴിലാളികൾ, പാൽ, പത്രം മുതലായവ വിതരണം ചെയ്യുന്നവർ, തേങ്ങവെട്ടി ഉണക്കുന്നവർ, മത്സ്യ സംസ്ക്കരണ ത്തിനുവേണ്ടി ഐസ് നിർമ്മിക്കുന്നവർ, കറവക്കാർ, ഇറച്ചിവെട്ടുകാർ, ഫോട്ടോസ്റ്റു ഡിയോ ജീവനക്കാർ, മരം കയറ്റക്കാർ തുടങ്ങി മറ്റ് ക്ഷേമപദ്ധതികളിലൊന്നും അംഗമല്ലാത്ത തൊഴിലാളികളെയെല്ലാം അസംഘടിത തൊഴിലാളിവിഭാഗത്തിൽപ്പെടു ന്നതായി കണക്കാക്കാവുന്നതാണ്.

(ബി) അസംഘടിത തൊഴിലാളികൾക്കായി നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ 2005 ജനുവരി 31 വരെയുള്ള കണക്കനുസ രിച്ച് 2,17,092 പേർ അംഗങ്ങളായുണ്ട്.

(സി) അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി 23-10-1986-ലെ ജി.ഒ.(പി) 50/86 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽവന്ന ഡെത്ത്-കം-റിട്ടയർമെന്റ് പദ്ധതി 20-3-1991-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി) 21/91/തൊഴിൽ പ്രകാരം കൂടുതൽ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ പ്രവർത്തിക്കുന്നു.

(ഡി) & (ഇ) അസംഘടിത തൊഴിലാളികൾക്കായുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി നിയമംമൂലം രൂപവൽക്കരിക്കപ്പെട്ടതാണ്. അസംഘടിത തൊഴിലാളികൾക്കും മറ്റ് ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത വർക്കുമായി നിലവിൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൈത്തൊ ഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രവർത്തിച്ചുവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന "അസംഘടിത തൊഴിലാളികൾക്കായുള്ള പദ്ധതി" യിൽ അസംഘടിതരായ 123 വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly